## 684

വിശ്വാസ യാത്രയിലെൻ ആശ്വാസദായകനായ്
യേശുയെന്നാശ്രയമാം ലേശവും ഭയമില്ലതാൽ

1 ഹൃദയം നുറുങ്ങിടുമ്പോൾ മനസ്സ് തകർന്നിടുമ്പോൾ
ആശ്വാസം തന്നിടുവാൻ അരികിൽ വരുന്നവനാം-

2 അല്ലലിൻ അലകടലിൽ താഴുകിൽ താൻ മതിയാം
കരം പിടിച്ചുയർത്തിടുവാൻ പരിഭ്രമമകറ്റിടുവാൻ-

3 അരി തരും വിനകളിലും ഇരുൾ നിര വഴികളിലും
തുണയായ് വന്നിടും താൻ സുഖമായ് നടത്തീടും താൻ-

4 ഒരു നാളെൻ പ്രിയനെ നേരിൽ ഞാൻ കണ്ടിടുമേ
തീരും സന്താപമെല്ലാം ചേരും ഞാൻ തന്നരികിൽ- **G.P.**